നെയ്ത്ത് മേഖലയുടെ വികസനം

23(*203) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക, കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുക, നെയ്ത്തുകാരന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറും നവീകരിക്കുക, പൊതുജനങ്ങളുടെ ഇടയിൽ കൈത്തറിയെക്കുറിച്ച് അവബോധം ഉണ്ടാക്കുക, ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക, കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ സഹായിക്കുക, നെയ്ത്തുകാരുടെ ജോലി ഭാരം കുറയ്ക്കുക, തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പക്കുക, കൂടുതൽ ആൾക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൈത്തറി മേഖലയെ പുനരുദ്ധരിക്കുക എന്നിവയാണ് ഈ കർമ്മ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നെയ്ത്ത് മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച സ്വയം തൊഴിൽ പദ്ധതി പ്രകാരം 65 കൈത്തറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൈത്തറി മേഖലയിൽ പ്രചോദന പരിപാടി നടപ്പിലാക്കി. വിപണന പ്രോത്സാഹന പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കൈത്തറി വസ്ത്രപ്രദർശനമേളകൾ നടത്തി. കൈത്തറി സംഘത്തിന്റെയും നെയ്ത്തുകാരുടെയും ഷെഡ്ഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറൂം നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിച്ചു. ആധുനിക രീതിയിലുള്ള ഡിസൈൻ ഉല്പന്നങ്ങൾ നെയ്യുന്നതിന് വിദഗ്ധ പരിശീലനം നെയ്ത്തുകാർക്ക് നൽകി. കൈത്തറി ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനായി കേരളാ കൈത്തറി എന്ന പേരിൽ ബ്രാൻഡ് വികസിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ലോഗോ വികസിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നൂതന ഡിസൈന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഡിസൈൻ ബാങ്ക് രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനുമായി ബാലരാമപുരത്ത് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു. കോട്ടൺ നാനോ ലൂമുകൾ വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി.

ഒപ്റ്റിക്കൽ ഫൈബർ കേബിൾ

24(*204) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ഐ.ടി. വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക നഷ്ടം വരുത്തുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അവഗണിച്ച് സംസ്ഥാന ഐ.ടി. വകുപ്പ് മാർഗ്ഗനിർദ്ദേശം നല്കിയത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ;

(സി) എങ്കിൽ സംസ്ഥാനത്തിന് വൻ നഷ്ടം വരുത്തുന്ന നിലയിൽ തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly